DESPATCHED
16/06/2020

28/02/2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ AP No.1504(4)/2018/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
(ഫയൽ നം.6509/എസ്.ഐ.സി-ജി 2/2018)

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. സി.എൻ. മോഹനചന്ദ്രൻ പിള്ള,
അശ്വതി,
അമ്പലത്തുംഭാഗം, പി.ഒ പോരുവഴി,
കൊല്ലം-690 520.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സെക്രട്ടറി,
ചുനക്കര ഗ്രാമ പഞ്ചായത്ത്,
ചുനക്കര പി.ഒ, ആലപ്പുഴ.
2. അപ്പീൽ അധികാരി &
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,
ആലപ്പുഴ.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 23.02.2018 |
| മറുപടി ലഭ്യമാക്കിയ തീയതി | 17.03.2018 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 26.03.2018 |
| മറുപടി ലഭ്യമാക്കിയ തീയതി | 05.05.2018 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 18.06.2018 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 23.06.2018 |

## ഉത്തരവ്

ചുനക്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായി വിരമിച്ച അപ്പീൽ ഹർജിക്കാരൻ തന്റെ പെൻഷൻ ആനുകൂല്യമായ DCRG തുക ലഭിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെട്ട പ്രകാരം ചുനക്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നൽകിയ liability certificate ൽ തെറ്റായ വിവരങ്ങൾ നൽകിയതിനെ തുടർന്ന് 67,797/- രൂപ DCRG തുകയിൽ നിന്ന് ചുനക്കര ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ഈടാക്കിയെന്നും, ഇതിന്മേൽ അപ്പീൽ നൽകുന്നതിനു വേണ്ടി പഞ്ചായത്തിന്റെ ഓഡിറ്റ് റിപ്പോർട്ടുമായി ബന്ധപ്പെട്ട വിവരങ്ങൾ ആരാഞ്ഞിരുന്നുവെങ്കിലും, കാലപ്പഴക്കം മൂലം ആയവ കണ്ടെത്താൻ കഴിഞ്ഞില്ലെന്നു കാണിച്ചാണ് മറുപടി നൽകിയതെന്നും ആരോപിച്ചാണ് ടിയാൻ കമ്മീഷന് അപ്പീൽ നൽകിയത്.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 05.02.2019 ൽ ആലപ്പുഴ കളക്ടറേറ്റിൽ ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരനും, ഒന്നാം എതിർകക്ഷിയും ഹാജരായി.

3. 1992-98 കാലത്തെ വിവരങ്ങളാണ് ചോദിച്ചതെന്നും, ഇത് കാലപ്പഴക്കംകൊണ്ട് കണ്ടെത്താൻ കഴിയാതിരുന്നതുമൂലമാണ് നൽകാൻ കഴിയാതെ വന്നതെന്നും ഒന്നാം എതിർകക്ഷി ഹിയറിംഗിൽ പറഞ്ഞു.

4. എന്നാൽ ഒന്നാം എതിർകക്ഷി കണ്ടെത്താൻ കഴിഞ്ഞില്ല എന്നു പറയുന്ന ഓഡിറ്റ് റിപ്പോർട്ട് പ്രകാരം തന്നെയാണ് തനിക്കെതിരെ liability നിശ്ചയിച്ചതെന്നും, അതുകൊണ്ട് ഒന്നാം എതിർകക്ഷി പറയുന്ന വാദം ശരിയല്ലെന്നും അപ്പീൽ ഹർജിക്കാരൻ പറഞ്ഞു. താൻ പഞ്ചായത്തിൽ നിന്ന് പോയതിനുശേഷം ഗുണഭോക്താ

ക്കൾക്ക് സബ്സിഡിയിനത്തിൽ നൽകിയ 53,000/- രൂപയും തന്റെ പേരിൽ liability യാക്കുകയായിരുന്നുവെന്നും, അതുകൊണ്ട് പഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പു ലഭിച്ചാൽ മാത്രമേ തന്റെ നിരപരാധിത്വം ബോധ്യപ്പെടുത്താനാവൂ എന്നും അപ്പീൽ ഹർജിക്കാരൻ പറഞ്ഞു.

5. ഇരുകക്ഷികളുടെയും മൊഴികളും അനുബന്ധ രേഖകളും കമ്മീഷൻ പരിശോധിച്ചു. അപ്പീൽ ഹർജിക്കാരന്റെ വാദങ്ങൾ വസ്തുതാപരമാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു.

6. അതുകൊണ്ട് പഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട് കാണാനില്ല എന്ന ഒന്നാം എതിർകക്ഷിയുടെ വാദം മുഖവിലയ്ക്കെടുക്കാൻ കഴിയില്ല. ആയതുകൊണ്ട് ഈ ഉത്തരവ് ലഭിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ അപ്പീൽ ഹർജിക്കാരന് ടി രേഖ കണ്ടെത്തി പൂർണമായും സൗജന്യമായി നൽകേണ്ടതാണ്.

7. മേല്പറഞ്ഞപ്രകാരം അപ്പീൽ ഹർജി ഇന്നേദിവസം 28.02.2020 ന് തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**കെ.വി. സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

re